# പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്
## കോട്ടയം–686004

PCK/SAL-F-200/331 25.04.2025

## <u>ദർഘാസ് വ്യവസ്ഥകൾ</u>

**പ്ലാന്റേഷൻ കോർപ്പറേഷൻ** എസ്റ്റേറ്റുകളിലേയും ഫാക്ടറികളിലേയും സ്ക്രാപ് അടക്കമുള്ള അൺപ്രോസ്സസ്സഡ്(അസംസ്കൃത) റബ്ബർ ഉൽപ്പന്നങ്ങളുടെ വിൽപ്പന കേരളാ സർക്കാർ വെബ് പോർട്ടലായ https://etenders.kerala.gov.in വഴിയും മുദ്രവെച്ച ദർഘാസുകൾ മുഖേനയും താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു .

### <u>നിബന്ധനകൾ</u>

1. റബ്ബർ ബോർഡ് രജിസ്റ്റേർഡ് വ്യാപാരികൾക്കും റബ്ബർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നവർക്കും മാത്രമെ ഇ-ടെൻഡർ/ മുദ്രവെച്ച ദർഘാസിൽ പങ്കെടുക്കുവാൻ യോഗ്യതയുളളു. ഇ-ടെൻഡർ/ മുദ്രവെച്ച ദർഘാസിൽ പങ്കെടുക്കുവാൻ നിരത ദ്രവ്യമായി 10,000/ രൂപാ കോർപറേഷനിൽ കെട്ടിവെക്കേണ്ടതാണ്.
2. ഇ ടെൻഡർ വഴി ദർഘാസുകൾ സമർപ്പിക്കുന്നവർ ടി ഇ-പോർട്ടലിൽ രജിസ്റ്റർ ചെയ്തു ലഭിക്കുന്ന യൂസർ ഐ ഡി, ഇ-ടെൻഡറിൽ ഉൾപെടുത്തുവാൻ, കോർപറേഷനെ അറിയിക്കേണ്ടതാണ്. ഇപ്രകാരം ഇ-ടെൻഡറിൽ ഉൾപ്പെടുത്തിയവർക്ക് മാത്രമേ കോർപറേഷൻ പ്രസിദ്ധീകരിക്കുന്ന ഇ-ടെൻഡറിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളു.
3. മുദ്ര വെച്ച ദർഘാസ് മുഖേന ടെൻഡർ സമർപ്പിക്കുന്നവർ, മുദ്ര വെച്ച ദർഘാസുകൾ **"അൺപ്രോസ്സസ്സഡ് റബ്ബർ ഉൽപന്നങ്ങളുടെ വിൽപനക്കുള്ള ദർഘാസ്"** എന്ന ശീർഷകത്തിൽ ജനറൽ മാനേജർ (സി), പി സി കെ ലിമിറ്റഡ് , മുട്ടമ്പലം പി ഒ കോട്ടയം -4 എന്ന മേൽവിലാസത്തിൽ കോട്ടയത്തെ ഹെഡ് ഓഫീസിൽ ഇ-ടെൻഡർ തുറക്കുന്ന ദിവസം 12 P M ന് മുമ്പായി ലഭിച്ചിരിക്കേണ്ടതാണ് .
4. ദർഘാസ് സമർപ്പിക്കുന്നവർ **<u>100% DRC അടിസ്ഥാനത്തിൽ</u>** ഒരു കിലോഗ്രാമിനുള്ള വിലയാണ് കാണിച്ചിരിക്കേണ്ടത്. പ്രസ്തുത ദിവസം ഹർത്താൽ, പൊതു അവധി, മറ്റു ഏതെങ്കിലും കാരണത്താൽ ടെൻഡർ നടത്താൻ കഴിയാതെ വന്നാൽ, തൊട്ടടുത്ത പ്രവൃത്തി ദിവസം നടത്തുന്നതായിരിക്കും.
5. ടെണ്ടറിൽ പങ്കെടുക്കുന്നവർ ഏററവും ചുരുങ്ങിയത് 10 മെ:ടൺ അല്ലെങ്കിൽ മൊത്തം കാണിച്ചിരിക്കുന്ന തൂക്കത്തിന്റെ 25 ശതമാനമോ ഏതാണ് കൂടുതൽ എന്നുവച്ചാൽ ആ തൂക്കം എടുക്കുവാൻ ബാദ്ധ്യസ്ഥനാണ്. ടെണ്ടറിൽ തൂക്കം രേഖപ്പെടുത്താത്തപക്ഷം ടെൻഡർ നോട്ടീസിൽ കാണിച്ചിരിക്കുന്ന മുഴുവൻ തൂക്കം ഉൽപന്നത്തിനും ഉറപ്പിക്കപ്പെടുന്ന നിരക്കിൽ തന്നെ എടുക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും പിന്നീട് തർക്കങ്ങൾ ഉന്നയിക്കാൻ പാടില്ലാത്തതുമാണ്.
6. ടെണ്ടറിൽ പങ്കെടുക്കുന്നവർ അതാതു യൂണിറ്റുകളിൽ പോയി ഓരോ ഇനങ്ങളുടെയും തൂക്കവും, ഗുണനിലവാരവും മറ്റും നേരിട്ടു കണ്ട് ബോദ്ധ്യപ്പെടേണ്ടതാണ്. ടെൻണ്ടർ സമർപ്പിച്ചതിനുശേഷം ഇതിനെ സംബന്ധിച്ച് ഉന്നയിക്കുന്ന യാതൊരു അവകാശ വാദങ്ങളും പരിഗണിക്കുന്നതല്ല.
7. ടെണ്ടർ ഉറപ്പിച്ചുകൊണ്ട് അറിയിപ്പ് ലഭിക്കുന്നയാൾ വില്പനവിലയുടെ 90% മുൻകൂറായി അടക്കേണ്ടതാകുന്നു. ഇപ്രകാരമുള്ള തുകയുടെ 50% സ്ഥിരീകരണ തീയതി മുതൽ രണ്ട് ദിവസങ്ങൾക്കകം കോർപ്പറേഷനിൽ അടക്കേണ്ടതാണ്. അല്ലാത്ത പക്ഷം കൺഫർമേഷൻ ഓർഡർ മറ്റ് അറിയിപ്പുകൾ കൂടാതെ ക്യാൻസലായിരിക്കും
8. മേൽപ്പറഞ്ഞ തുകയുടെ ബാക്കി 50 % തുക കൺഫർമേഷൻ തീയതി മുതൽ 6 ദിവസങ്ങൾക്കുള്ളിൽ അടക്കേണ്ടതാണ്.
9. എല്ലാ ഇനങ്ങളുടേയും വില്പന ഡി.ആർ.സി. അടിസ്ഥാനത്തിൽ ആയിരിക്കും.

10. ഡി.ആർ.സി. കോർപ്പറേഷന്റെ ലാബിൽ ടെസ്റ്റ് ചെയ്യുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ വില്പനവിലയും നിയമാനുസൃത നികുതികളും ചേർത്ത് കോർപ്പറേഷനിലേക്ക് അടക്കേണ്ടതായ മുഴുവൻ തുകയും അടച്ചതിന് ശേഷം മാത്രം ഉൽപന്നങ്ങൾ കൊണ്ടുപോകുന്നതിന് അനുവദിക്കുന്നതാണ്.

11. ടെണ്ടർ കണ്ടീഷൻ 10 പ്രകാരം 100% തുകയും നല്കിയിട്ടില്ലായെങ്കിൽ ടെണ്ടറു കാരൻ 25% പലിശ സഹിതം 3 ദിവസം വരെ അനുവദിക്കുന്നതാണ്. അതിനു ശേഷവും തുക അടക്കാത്തവരുടെ കൺഫർമേഷൻ ഓർഡർ ഒരറിയിപ്പും കൂടാതെ ക്യാൻസലായിരിക്കും. പ്രസ്തുത വ്യക്തി/സ്ഥാപനം അടച്ചിരിക്കുന്ന നിരതദ്രവ്യം കോർപറേഷനിലേക്കു കണ്ടു കെട്ടുകയും പ്രസ്തുത സ്ഥാപനത്തിന്റെ/വ്യക്തിയുടെ നഷ്ടോത്തരവാദിത്വത്തിൽ ഇ ടെൻഡർ/മുദ്രവെച്ച ദർഘാസുകൾ നടത്തുകയും അതുമൂലം കോർപറേഷന് എന്തെങ്കിലും നഷ്ടം ഉണ്ടായാൽ ആയതും പ്രസ്തുത വ്യക്തി / സ്ഥാപനത്തിൽ നിന്നും ഈടാക്കുന്നതും പ്രസ്തുത വ്യക്തിയെ/സ്ഥാപനത്തെ കോർപറേഷന്റെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതും തുടർന്നുള്ള ഒരു ടെൻഡറിലും പങ്കെടുക്കാൻ സാധിക്കാത്തതുമാകുന്നു.

12. റബ്ബർ ഉൽപന്നങ്ങൾ കയറ്റിക്കൊണ്ടു പോകുന്നതിന് ഡെലിവറി ഓർഡർ തീയതി മുതൽ 10 ദിവസം വരെ കരാറുകാർക്ക് സമയം അനുവദിക്കുന്നതാണ്. അതിനുശേഷം വരുന്ന ഓരോദിവസത്തിനും ടണ്ണിന് 10/- രൂപ വീതം ഗോഡൗൺ ചാർജ് ഈടാക്കുന്നതാണ്.

13. ടെണ്ടർ അംഗീകരിച്ച് 6 ദിവസംവരെ അംഗീകരിച്ച നിരക്ക് പ്രാബല്യത്തിൽ ഇരിക്കുന്നതും, അതിനു ശേഷം പണം അടയ്ക്കുന്ന ദിവസം ആർ.എസ്.എസ്.5–ന്റെ വിലയിലുള്ള വർദ്ധനവ് കണക്കിലെ ടുത്ത് നിരക്ക് ബാധകമാകുന്നതും, വർദ്ധനവ് ഇല്ലെങ്കിൽ അംഗീകരിച്ച നിരക്ക് തന്നെ ബാധകമാകുന്നതുമായ തരത്തിൽ പണം ഈടാക്കുന്നതുമാണ്.

14. അൺപ്രോസെസ്സഡ് ഉൽപന്നങ്ങളുടെ ഇ-ടെൻഡർ/മുദ്രവെച്ച ദർഘാസ് ടി ഇ പോർട്ടലിൽ/വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുമ്പോൾ തന്നെ ടെൻഡർ സമർപ്പണം ആരംഭിക്കുക്കുന്നതിനുള്ള സമയം, അവസാനിക്കുന്ന സമയം, ടെൻഡർ തുറക്കുന്ന സമയം എന്നിവ ഇമെയിൽ / എസ് എം എസ് എന്നിവ വഴി മേൽപടി രജിസ്റ്റർ ചെയ്ത എല്ലാ കരാറുകാരെയും സാധാരണയായി അറിയിക്കുന്നതാണ് . എന്തെങ്കിലും കാരണവശാൽ ഇ ടെൻഡർ സംബന്ധിച്ച മേൽത്തരം അറിയിപ്പുകൾ കരാറുകാർക്ക് ലഭിച്ചില്ല എങ്കിൽ ആയതിന് കോർപറേഷന് യാതൊരു ഉത്തരവാദിത്വവും ഇല്ലാത്തതാകുന്നു.

15. ഇ-ടെൻഡർ/മുദ്രവെച്ച ദർഘാസ് തുറന്നതിന് ശേഷം ഓരോ ഉൽപന്നത്തിനും സമർപ്പിച്ച ഉയർന്ന വിലയെ അടിസ്ഥാനമാക്കി ഉയർന്ന വില സമർപ്പിച്ച കരാറുകാരന് വില തൃപ്തികരമെങ്കിൽ ഇ-ടെൻഡർ/മുദ്രവെച്ച ദർഘാസ് ഉറപ്പിച്ച് സ്ഥിരീകരണ ഉത്തരവ് നൽകുന്നതാണ്.

16. ടെണ്ടർ അംഗീകരിച്ച് സ്ഥിരീകരണ അറിയിപ്പ് പ്രകാരമുള്ള മുഴുവൻ തുകയും അടയ്ക്കാത്തപക്ഷം യുക്തമായ നടപടിയെടുക്കുന്നതിന് കോർപറേഷന് അധികാരമുണ്ടായിരിക്കുന്നതാണ്. തൻമൂലം എന്തെങ്കിലും നഷ്ടമുണ്ടാകുന്നപക്ഷം ടി തുക വീഴ്ച്ചവരുത്തിയ ടെണ്ടറുകാരനിൽ നിന്നും ഈടാക്കു ന്നതാണ്.

17. ഇ-ടെൻഡ റിൽ /മുദ്രവെച്ച ദർഘാസ് ൽ പങ്കെടുത്ത് വില ഉറപ്പിച്ച് നൽകിയതിന് ശേഷം സ്വമേധയാ അതിൽ നിന്നും പിൻമാറുവാൻ പാടുള്ളതല്ല.

18. ഇ-ടെൻഡർ/മുദ്രവെച്ച ദർഘാസ് വഴി ടെൻഡർ സ്ഥിതീകരണ ഉത്തരവ് ലഭിച്ച വ്യക്തി/ സ്ഥാപനം ഏതെങ്കിലും കാരണവശാൽ ടെൻഡർ വ്യവസ്ഥ പ്രകാരം മുഴുവൻ തുകയും അടയ്ക്കാതെ പിന്മാറിയാൽ പ്രസ്തുത വ്യക്തി/സ്ഥാപനം അടച്ചിരിക്കുന്ന നിരതദ്രവ്യം കോർപറേഷനിലേക്കു കണ്ടു കെട്ടുന്നതും പ്രസ്തുത സ്ഥാപനത്തിന്റെ/വ്യക്തിയുടെ നഷ്ടോത്തരവാദിത്വത്തിൽ റീടെൻഡർ നടത്തുന്നതും അതുമൂലം കോർപറേഷന് എന്തെങ്കിലും നഷ്ടം ഉണ്ടായാൽ ആയതും പ്രസ്തുത വ്യക്തി / സ്ഥാപനത്തിൽ നിന്നും ഈടാക്കുന്നതും പ്രസ്തുത വ്യക്തിയെ/ സ്ഥാപനത്തെ കോർപറേഷന്റെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതും തുടർന്നുള്ള ഒരു ടെൻഡറിലും പങ്കെടുക്കാൻ സാധിക്കാത്തതുമാകുന്നു. റീ റെൻഡറിൽ കൂടുതൽ തുക ലഭിക്കുന്ന പക്ഷം അതിൽ വീഴ്ച്ച വരുത്തിയ കരാറുകാരന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

19. ഏതൊരു വാഗ്ദാനവും, യാതൊരു കാരണവും കാണിക്കാതെ സ്വീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഉള്ള പരമാധികാരം കോർപ്പറേഷനിൽ നിക്ഷിപ്തമായിരിക്കും.
20. ടെണ്ടർ വ്യവസ്ഥകൾ കൂടാതെ ടെണ്ടർ സമർപ്പിക്കുന്നയാൾ നിബന്ധനകളോ നിർദേശങ്ങളോ ആയി സ്വമേധയാ അച്ചടിച്ചോ അല്ലാതയോ ടെണ്ടറിനൊപ്പമോ അല്ലാതെയോ സമർപ്പിക്കുന്നതായ കാര്യങ്ങൾ കോർപ്പറേഷൻ അംഗീകരിക്കുന്നതോ കോർപ്പറേഷനെ ബാധിക്കുന്നതോ അല്ലാത്തതായിരിക്കും.
21. ടെണ്ടർ സമർപ്പിക്കുന്ന ആൾ/ സ്ഥാപനം ടെണ്ടർ വ്യവസ്ഥകൾ പൂർണ്ണമായി വായിച്ചു മനസിലാക്കി അംഗീകരിച്ചു കൊണ്ടാണ് ടെണ്ടർ സമർപ്പിക്കുന്നതെന്നും ടെണ്ടർ നടപടിക്രമങ്ങളിൽ പങ്കെടുക്കുന്നതെന്നും കണക്കാക്കുന്നതും ടി ടെണ്ടറിൽ തുടർനടപടിക്രമങ്ങൾ സ്വീകരിക്കുന്നതുമാണ്.
22. GST പ്രകാരമുള്ള എല്ലാ നികുതികളും ബാധകമായിരിക്കും.
23. അൺപ്രോസ്സസ്സഡ്(അസംസ്കൃത) റബ്ബർ ഉൽപ്പന്നങ്ങളുടെ വിൽപ്പന സംബന്ധിച്ച് ഇ-ടെൻഡർ/മുദ്രവെച്ച ദർഘാസ് ബന്ധപ്പെട്ട് എന്തെങ്കിലും വ്യവഹാരങ്ങൾ ഉണ്ടാകുന്ന പക്ഷം ആയത് കോട്ടയം അധികാര പരിധി യായ കോടതികളിൽ മാത്രമായിരിക്കുന്നതാണ്.
24. ഇ. -ടെൻഡർ /സീൽഡ് ടെൻഡർ സ്വീകരിക്കുന്നതായ അവസാന തീയതിയിൽ വിൽപന വില നിശ്ചയിക്കുന്നതിന് പര്യാപ്തമായ എണ്ണം ടെൻഡറുകൾ ലഭിച്ചിട്ടില്ലായെന്ന് കാണുന്ന പക്ഷം, ആവശ്യമെങ്കിൽ ടെൻഡർ തീയതി ദീർഘിപ്പിക്കുന്നതിന് മാനേജിങ് ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. ഇത്തരം സന്ദർഭങ്ങളിൽ, ലഭിച്ചിട്ടുള്ളതായ ടെൻഡറുകൾ തുറക്കുന്നതല്ലാത്തതും ടെൻഡർ നൽകിയിട്ടുള്ളവർക്ക് ആവശ്യമെങ്കിൽ പുതുക്കിയ വാഗ്ദാനം നൽകുന്നതിന് അനുവദിക്കുന്നതുമാണ്. ഇപ്രകാരം ഒരാൾ വാഗ്ദാനം ചെയ്യുന്ന തുകകളിൽ, ഏറ്റവും കൂടിയ തുക മാത്രമായിരിക്കും വാഗ്ദാനം ചെയ്തിട്ടുള്ള തുകയായി പരിഗണിക്കുന്നത്.

Sd/-

**ജനറൽ മാനേജർ (C)**

# ANNEXURE-I

**General Tender Terms & Conditions for e-Sale of Un-Processed Rubber in Plantation Corporation of Kerala Ltd.**

This tender is an e-Tender and is being published online for the Sale of Un-Processed Rubber. The tender is invited in Two cover system from the registered and eligible firms through e-procurement portal of Government of Kerala (https://www.etenders.kerala.gov.in). Prospective bidders willing to participate in this tender shall necessarily register themselves with above mentioned e-procurement portal.

Only those who remits an amount of Rs.10000/- (Rupees ten thousand only) as E.M.D will be eligible for participating in the e-tender

The tender timeline is available in the critical date section of this tender published in www.etenders.kerala.gov.in.

**A). Online Bidder registration process:**

Bidders should have a Class II or above Digital Signature Certificate (DSC) to be procured from any Registration Authorities (RA) under the Certifying Agency of India. Details of RAs will be available on www.cca.gov.in. Once, the DSC is obtained, bidders have to register on www.etenders.kerala.gov.in website for participating in this tender. Website registration is a one-time process without any registration fees. However, bidders have to procure DSC at their own cost.

Bidders may contact e-Procurement support desk of Kerala State IT Mission over telephone at 0471-2577088/188/388 or 0484-2336006, 2332262 or 0497-2764788, 2764188 or 0483-273294 or through email: etendershelp@kerala.gov.in or helpetender@gmail.com for assistance in this regard.

The registered bidders in the e-tender should share their ID to PCK Ltd. and only those enlisted by PCK Ltd. can participate in the e-tender cum e-auction process.

**B). Online Tender Process:**

The tender process shall consist of the following stages:

i. **Downloading of tender document**: Tender document will be available for free download on www.etenders.kerala.gov.in.

ii. **Publishing of Corrigendum**: All corrigenda shall be published on www.etenders.kerala.gov.in and shall not be available elsewhere.

iii. **Bid submission**: Bidders have to submit their bids along with supporting documents to support their eligibility, as required in this tender document on www.etenders.kerala.gov.in. No manual submission of bid is allowed and manual bids shall not be accepted under any circumstances.

iv. **Opening of Technical Bid and Bidder short-listing**: The technical bids will be opened, evaluated and shortlisted as per the eligibility and technical qualifications. All documents in support of technical qualifications shall be submitted (online). Failure to submit the documents online will attract disqualification. Bids shortlisted by this process will be taken up for opening the financial bid.

v. **Opening of Financial Bids:** Bids of the qualified bidder's shall only be considered for opening and evaluation of the financial bid on the date and time mentioned in critical date's section.

**C). Documents Comprising Bid:**

**(i). The First Stage (Pre-Qualification or Technical Cover based on 1cover or2 cover tender system):**

Pre-Qualification or Technical proposal shall contain the scanned copies of the following documents which every bidder has to upload:

The department doesn't take any responsibility for any technical snag or failure that has taken place during document upload.

**(ii). The Second Stage (*Financial Cover or as per tender cover system*):**

The Bidder shall complete the Price bid as per format given for download along with this tender.

**Note**: The blank price bid should be downloaded and saved on bidder's computer without changing file-name otherwise price bid will not get uploaded. The bidder should fill in the details in the same file and upload the same back to the website.

**D). SUBMISSION PROCESS:**

For submission of bids, all interested bidders have to register online as explained above in this document. After registration, bidders shall submit their Technical bid and Financial bid online on www.etenders.kerala.gov.in .

………………

**ANNEXURE-II**

**Manual Tender Conditions for the sale of Processed Rubber in Plantation Corporation of Kerala Ltd.**

1. Download the Copy of the Tender Notice/Tender condition and sign and seal on each pages having acceptance of the conditions
2. Copies of the Adhar Card, Pan Card and Rubber board license shall be attached with the tender
3. Receipt of the payment of EMD remitted infavour of the PCK account in Canara Bank, Kanjikkuzhi, Kottayam.
4. The rate quoted shall be filled in fugures and words also.
5. A title as "Tender for the sale of Unprocessed Rubber" should be written at the top of the cover of sealed Tender for Unprocessed Rubber and submit the same before the specified time for opening the tender

Agreed the above Conditions and signed by the tenderer

Name of the tenderer

Signature of the tenderer

Date

Address of the tenderer

Contact No.

**ANNEXURE-III**

| THE PLANTATION CORPORATION OF KERALA LIMITED | | | | | |
|---|---|---|---|---|---|
| **Name of Work: Sale of Unprocessed Rubber** | | | | | |
| **Contract No: UNPRO29042025** | | | | | |
| **Name of the Bidder/ Bidding Firm / Company :** | | | | | |
| **Sl. No.** | **Item Description, KGL Factory, Pathanamthitta District** | **Total Quantity Available for sale (Kg)** | **Quantity offered by the party (Kg)** | **Rate (Figure) (Without tax) (Rs.)** | **Rate (Words) )(Without tax) (Rs.)** |
| 1.01 | Pit Recovery at Kallala Factory | 300.00 | | | |
| 1.02 | Unprocesed waste Rubber (Aprox) at Kallala Factory | 1500.00 | | | |
| 1.03 | Ground waste(Wet weight)at Kodumon Factory | 1500.00 | | | |
| 1.04 | Tanker Coagulation contain sludge(Wet weight) at Kodumon Factory | 1800.00 | | | |

Agreed the above Conditions and signed by the tenderer

Name of the tenderer

Signature of the tenderer

Date

Address of the tenderer

Contact No.

Rubber Board License No.

Pan No.